# കാവാരികുളം കണ്ടൻകുമാരൻ ഒരു ചരിത്രപഠനം: പുസ്തകം പ്രകാശനം ചെയ്തു



കാവാരികുളം കണ്ടൻകുമാരൻ ഒരു ചരിത്ര പഠനം മന്ത്രി ജെ മേഴ്സിക്കുട്ടി അമ്മ അഡ്വ.കെ പ്രകാശ് ബാബുവിന് നൽകി പ്രകാശനം ചെയ്യുന്നു

**തിരുവനന്തപുരം**

പ്രമുഖ എഴുത്തുകാരൻ പ്രൊഫ. എസ് കൊച്ചുകുഞ്ഞ് രചിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച കാവാരികുളം കണ്ടൻകുമാരൻ ഒരു ചരിത്രപഠനം എന്ന പുസ്തകത്തിന്റെ പ്രകാശനം മന്ത്രി ജെ മേഴ്സിക്കുട്ടിഅമ്മ നിർവഹിച്ചു. മുൻ എംഎൽഎ അഡ്വ. കെ പ്രകാശ് ബാബു പുസ്തകം ഏറ്റുവാങ്ങി. ഡോ. എം എ സിദ്ദീഖ് പുസ്തകം പരിചയപ്പെടുത്തി.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി കാർത്തികേയൻനായർ അധ്യക്ഷനായി. സാംബവ മഹാസഭ സംസ്ഥാന ജനറൽ സെക്രട്ടറി രാമചന്ദ്രൻ മുല്ലശ്ശേരി, ജലധാര ചീഫ് എഡിറ്റർ കെ രാമൻകുട്ടി, രാജേഷ് കെ എരുമേലി, പ്രൊഫ. എസ് കൊച്ചുകുഞ്ഞ്, സി അശോകൻ, റാഫി പൂക്കോം എന്നിവർ സംസാരിച്ചു. ഡോ. ബിജു ബാലകൃഷ്ണൻ, കുറ്റിയാനിക്കാട് ദിലീപ് എന്നിവർ നവോത്ഥാന കാവ്യാലാപനം നടത്തി. 80 രൂപയാണ് പുസ്തകത്തിന്റെ വില.

നവോത്ഥാന നായകൻ കാവാരികുളം കണ്ടൻകുമാരന്റെ സംഭവബഹുലമായ ജീവിതവും അദ്ദേഹത്തിന്റെ ജീവിതത്തിലെ മുന്നേറ്റങ്ങളും പ്രത്യാഘാതങ്ങളും സൂക്ഷ്മമായി അപഗ്രഥിക്കുന്ന ഗ്രന്ഥമാണിത്.

അധഃസ്ഥിതരുടെ വിദ്യാഭ്യാസ അവകാശങ്ങൾക്കുവേണ്ടി ശക്തമായി വാദിച്ച കാവാരികുളം കണ്ടൻകുമാരൻ അയ്യൻകാളി കഴിഞ്ഞാൽ ഏറ്റവും കൂടുതൽകാലം പ്രജാസഭയിൽ അംഗമായിരുന്നയാളാണ്.